# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1949      05/10/2016 -ൽ മറുപടിക്ക്

## ചേർത്തല ജെ.ഐ.സി.എ പ്രൊജക്ട് ലൈൻ എക്സ്റ്റൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ചേർത്തല ജെ.ഐ.സി.എ പ്രോജക്ട് ലൈൻ എക്സ്റ്റൻഷന് നബാർഡിൽ നിന്നും 60 കോടി അനുവദിവച്ചതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് അവാർഡ് ചെയ്ത് കൊടുത്തിട്ടുള്ളത്; | (എ) 41.23 കോടി രൂപയുടെ പ്രവൃത്തികൾ അവാർഡ് ചെയ്ത് കൊടുത്തിട്ടുണ്ട്. |
| (ബി) 60 കോടി അനുവദിച്ചതിൽ പ്രസ്തുത പ്രൊജക്ടിനായി എത്ര കോടി രൂപ ബാക്കിയുണ്ട്, ഇതിൽ നിന്നും തുറവൂർ പഞ്ചായത്തിലെ 1, 16, 17, 18 വാർഡുകളിൽ വെള്ളം എത്താത്ത സ്ഥലത്ത് വെള്ളം എത്തിക്കുന്നതിന് 200 എംഎം., എച്ച്.ഡി.പി പൈപ്പ് (3 Km) അനുവദിക്കുന്നതിന് 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആലപ്പുഴ ഡിവിഷനിൽ നൽകിയിട്ടും കെ.ഡബ്ല്യു.എ ബോർഡിൽ ഇത് സമർപ്പിച്ച് അനുവാദം വാങ്ങി പ്രവൃത്തികൾ ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) 41.23 കോടി രൂപയുടെ പ്രവൃത്തികൾ അവാർഡ് ചെയ്ത് കൊടുത്തതിൽ റോഡ് പുനർനിർമ്മാണത്തിനുള്ള തുക ഉൾപ്പെട്ടിട്ടില്ല. റോഡ് പുനർനിർമ്മാണത്തിനുള്ള തുകയുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടില്ല. പി.ഡബ്ല്യു.ഡി-ക്ക് അടയ്ക്കേണ്ട തുക ഉൾപ്പെടെ 18 കോടിയോളം രൂപ ബാക്കിയുള്ളതിൽ നിന്നും ഇതിനകം തയ്യാറാക്കി കഴിഞ്ഞ തുറവൂർ പഞ്ചായത്തിലെ 1, 15, 16, 17, 18 വാർഡുകളിലേക്കുള്ള കുടിവെള്ളം എത്തിക്കുന്ന 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, മറ്റ് പഞ്ചായത്തുകളിൽ കൂടി പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (സി) തുറവൂർ പഞ്ചായത്തിൽ മാത്രമാണ് ടാങ്ക് ഇല്ലാത്തത് എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |

JSK/

| | | | |
|---|---|---|---|
| (ഡി) | പഞ്ചായത്ത് സ്ഥലം അനുവദിച്ചിട്ടും അവിടെ ടാങ്ക് നിർമ്മിക്കുന്നതിന് അനുവാദം നൽകാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; | (ഡി) | തുറവൂർ പഞ്ചായത്തിൽ ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ തുറവൂർ പഞ്ചായത്തിലേയും കുത്തിയതോട് പഞ്ചായത്തിലേയും ജനസംഖ്യ കണക്കിലെടുത്ത് രണ്ട് പഞ്ചായത്തുകൾക്കും കൂടി (തുറവൂരിനു വേണ്ടി 16 ലക്ഷം ലിറ്ററും, കുത്തിയതോടിനു വേണ്ടി 11 ലക്ഷം ലിറ്ററും സംഭരണ ശേഷിയുള്ള) ഉന്നതതല ജല സംഭരണി നിർമ്മിച്ചിട്ടുണ്ട്. അതുകൊണ്ട് തുറവൂർ പഞ്ചായത്തിലേക്ക് മാത്രമായി ഒരു ജലസംഭരണി നിർമ്മിക്കേണ്ട ആവശ്യകത ഇപ്പോഴില്ല. |
| (ഇ) | ചേർത്തല ജെ.ഐ.സി.എ പ്രൊജക്ടിൽ 33 km ജി.ആർ.പി പൈപ്പ് ഇട്ടിരിക്കുന്നത് നിരന്തരം പൊട്ടിപോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പൈപ്പ് മാറ്റി ഡി.ഐ പൈപ്പ് ഇട്ട് പൈപ്പ് പൊട്ടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കാമോ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് എഞ്ചിനീയറിംഗ് ടീമിനെ നിയോഗിക്കുമോ; വിശദമാക്കുമോ? | (ഇ) | ഉണ്ട്; ഈ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല. എന്നാൽ പൈപ്പ് പൊട്ടലിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പൈപ്പിന്റെ സാമ്പിളുകൾ കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി (CIPET) നെ കൊണ്ട് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/